(സി) ഇല്ലെങ്കിൽ പ്രശ്നം പരിഹരിക്കുന്നതുവരെ ഫാക്ടറി പ്രവർത്തനം നിർത്തിവയ്ക്കാൻ ആവശ്യപ്പെടുമോ?

ഉത്തരം

(എ) 16.12.'99 -ൽ സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നിലവിലുള്ള മലിനീകരണ നിയന്ത്രണ സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കിയിട്ടുണ്ട്. ഫാക്ടറിയുടെ പ്രവർത്തനംമൂലം ഉണ്ടാകുന്ന പാഴ്ജലം ശുദ്ധീകരിച്ചതിനു ശേഷം ഫാക്ടറിയുടെ തന്നെ ഉടമസ്ഥതയിലുള്ള റബ്ബർ തോട്ടത്തിലേയ്ക്ക് ഒഴുക്കാനുള്ള സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഫാക്ടറിയുടെ പ്രവർത്തനം മുഖേനയുണ്ടാകുന്ന പാഴ്ജലം ശുദ്ധീകരിച്ച് കമ്പനിയുടെ റബ്ബർതോട്ടം നനയ്ക്കാനായി ഉപയോഗിക്കുന്നതിനാലും നദീജലവുമായി കലരാനുള്ള സാദ്ധ്യത ഒഴിവാക്കി ബണ്ടുകെട്ടിയിട്ടുള്ളതിനാലും കല്ലാറിലെ വെള്ളത്തിൽ കുളിക്കുന്നവരുടെ ശരീരം ചൊറിഞ്ഞുതടിക്കാനുള്ള സാദ്ധ്യത കാണുന്നില്ല. ഇപ്രകാരം അനുഭവപ്പെടുന്നതായി നാട്ടുകാരുടെ പരാതിയൊന്നും സമീപകാലത്ത് ബോർഡിന് ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

(ബി)&(സി) മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കമ്പനി മെച്ചപ്പെടുത്തി പര്യാപ്തമാക്കിയിട്ടുള്ളതിനാൽ ഫാക്ടറികൾ അടച്ചുപൂട്ടാൻ കാരണം കാണുന്നില്ല, എന്ന് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫാക്ടറിയിലെ പാഴ്ജലത്തിന്റെയും നദീജലത്തിന്റെയും ഗുണനിലവാരം ബോർഡ് തുടർന്നും പരിശോധിക്കുന്നതും ആവശ്യമെന്നുകണ്ടാൽ മേൽനടപടി സ്വീകരിക്കുന്നതുമാണ്.

ബേക്കഡുക്ക പ്രൈമറി ഹെൽത്ത് സെന്റർ

196(907) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കഡുക്ക പ്രൈമറി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള അനുവാദം നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) എങ്കിൽ ഇതിനാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(സി) ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിട്ടും രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 27.1.99-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത പി.എച്ച്. സി.ക്ക് കിടത്തി ചികിത്സ ആരംഭിക്കുവാനുള്ള അനുവാദം കൊടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി)&(ഡി) ഇവിടെ ജൂലായ് മാസം മുതൽ കിടത്തി ചികിത്സ ആരംഭിച്ചിട്ടുണ്ട്. കിടത്തി ചികിത്സ നൽകിയ രോഗികൾ യഥാക്രമം ജൂലായ്-7, ആഗസ്റ്റ്-20, സെപ്റ്റംബർ-11, ഒക്ടോബർ 10, നവംബർ-12 എന്ന നിലയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly